ശ്രീ. എ. എം. തോമസ്: ഈ ഗവണ്മെണ്ടിന്റെ പ്രപ്പോസൽസ് ഇൻഡ്യാ ഗവണ്മെണ്ടിലേക്ക് അയച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. എ. എം. തോമസ്: എപ്പോഴാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: സെപ്തംബർ ഫസ്റ്റ്-ാംതീയതിയാണെന്നു തോന്നുന്നു.

ശ്രീ. എ. എം. തോമസ്: ഈ അസംബ്ലിയിൽ അതു ചർച്ചയ്ക്കുവയ്ക്കണമെന്ന് ഉദ്ദേശിച്ചിരിക്കുന്നതിനാൽ അതു കഴിഞ്ഞിട്ടുപോരായിരുന്നോ ആ പ്രപ്പോസൽസ് ഇൻഡ്യാ ഗവണ്മെണ്ടിലേക്ക് അയച്ചുകൊടുക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതുപോരാ. ഉടൻതന്നെ കിട്ടണമെന്ന ഇലക്ഷൻ കമ്മീഷണരുടെ നിർദ്ദേശമുണ്ടായിരുന്നു.

Sri. P. Balakrishnan Thampi: Is it not locking the stable door after the Horse is stolen?

Sri. T. K. Narayana Pillai: May be.

ശ്രീ. പട്ടം എ. താണുപിള്ള: ആ കമ്മിറ്റിയുടെ പ്രപ്പോസൽസ്, അതായതു് അതിൽ പറഞ്ഞിട്ടുള്ളതു് ഫിഗേഴ്സ് തെറ്റാണെന്നു ഇൻഡ്യാ ഗവണ്മെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതുമാത്രമല്ല, പല സംഗതികളും അറിയിച്ചിട്ടുണ്ടു്.

ശ്രീ. പട്ടം താണുപിള്ള: അതിൽ ഈ സംഗതി ഉൾപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയുവാൻ നിവൃത്തിയില്ല.

FIVE AND A HALF LAKH CASE

*19. [20] **Sri. A. M. Thomas:** Will the Hon'ble the Chief Minister be pleased to state:—

(*a*) what is the total amount spent in connection with the trial before the Special Tribunal presided over by Mr. B. C Koman I. C. S. and

(*b*) when was the trial begun and when it ended?

Chief Minister **(Sri. T. K. Nararayana Pillai):**

(*a*) Rs. 26,218—5—0.

(*b*) Commencement of the trial: 13th December 1949.
Close of trial: 12th September 1950.

ശ്രീ. എ. എം. തോമസ്: ഈ കേസിന്റെ വിധികൊണ്ടു് ഗവണ്മെണ്ടിനു് എന്തു തുക ഇടാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒന്നരലക്ഷം രൂപ ഇടാക്കാൻ സാധിക്കുമെന്നാണു് ഗവണ്മെണ്ടു് പ്രതീക്ഷിക്കുന്നതു്.

THRIPOONITHURA PALACE EMPLOYEES

*20. [21] **Sri. A. M. Thomas:** Will the Hon'ble the Chief Minister be pleased to state:—

(*a*) are the employees of the Hill Palace, Thripoonithura being paid their now;

(*b*) if not from which date;

(*c*) what, if any, is the reason of non-payment?

LIBRARY ARCHIVES Kerala Legislative Assembly